**ഒരു കണ്ണീർക്കണം മറ്റു-**
**ള്ളവർക്കായ് ഞാൻ പൊഴിക്കവേ**
**ഉദിക്കയാണെന്നാത്മാവി-**
**ലായിരം സൗരമണ്ഡലം.**

**ഒരു പുഞ്ചിരി ഞാൻ മറ്റു-**
**ള്ളവർക്കായ്ച്ചെലവാക്കവേ**
**ഹൃദയത്തിലുലാവുന്നു**
**നിത്യനിർമ്മലപൗർണ്ണമി**

**അറിഞ്ഞീലിത്രനാളും ഞാ-**
**നിദ്ദിവ്യപുളകോൽഗമം;**
**ആ മഹാനഷ്ടമോർത്തോർത്തു**
**കുലുങ്ങിക്കരയുന്നു ഞാൻ.**

# സ്വർഗം

തിരിഞ്ഞുനോക്കിപ്പോവുന്നു
ചവുട്ടിപ്പോന്ന ഭൂമിയെ,
എനിക്കുമുണ്ടായിരുന്നു
സുഖം മുറ്റിയ നാളുകൾ!

അമ്മതൻ മധുരോദാര-
വാത്സല്യസ്രുതിതൻ പത
ഇന്നുമുണ്ടെൻ പുകയില-
ക്കറ കേറിയ ചുണ്ടിലും

കൂട്ടുകൂടിക്കാടുകാട്ടാൻ
തുള്ളിച്ചാടുന്ന കുട്ടികൾ
അവരെക്കിട്ടിയാൽപ്പിന്നെ
ഞാനില്ല,വരുമുർവ്വിയും.

ഒളിച്ചുകളി, മുക്കുത്തു,
നായയും പുലിയും കളി,
പന്തുതട്ടൽ,കുളംചാടൽ
വട്ടു,മാട്ടക്കളങ്ങളും,

തുലാസ്സും, ഭാരയും, കമ്പി-
ത്തായം, മുതലയായ്ക്കളി,
ഉപ്പുവെച്ചിടലും, വേഷം-
കെട്ടലും, പുരകെട്ടലും

അതിഹ്രസ്വങ്ങളന്നത്തെ-
ദ്ദിവാനിശകളാകവേ,
ഉറങ്ങുംമുമ്പുണരണം,
കളി തീരാതെ നിർത്തണം.

എന്തൊരുത്സവ, മക്കാല-
ത്തുള്ള നിർഭരഭംഗിയിൽ

ഇനിമേലിലുദിക്കില്ല
കതിരോൻമാരൊരിക്കലും!

എന്തൊരാഹ്ലാദ,മക്കാല–
ത്തുള്ളനിർവൃതിവായ്പൊടെ
ഇനിമേലിലുദിക്കില്ല
പൂർണ്ണചന്ദ്രരൊരിക്കലും!

അന്നത്തെ മഴവിൽക്കീറു–
മുദയാസ്തമയങ്ങളും
ചന്ദ്രഗോളത്തിലെക്കൊച്ചു
മുയലും പൂണ്ട സൗഭഗം

ഇന്നുള്ളവയ്ക്കില്ല തെല്ലു–
മന്നത്തെപ്പാരിജാതവും
മുല്ലയും പനിനീരും കൈ–
നാറിയും തന്ന ഗന്ധവും.

രാഹുകേതുക്കളാം രണ്ടു
പടം പൊക്കിയ പാമ്പുകൾ
സൂര്യചന്ദ്രഗ്രഹാണ്ഡങ്ങൾ
വിഴുങ്ങുന്ന വിഴുങ്ങലും

അട തിന്നു കനപ്പിച്ച
കുമ്പയോടെഗ്ഗണാധിപൻ
വരും വഴി പദം തെറ്റി
വീണുപോകെക്കഴായയിൽ

കണ്ടു നിന്ന നിശാനാഥൻ
കയ്യടിച്ചു ചിരിച്ചതും
'ഇദ്ദിനം നീ ദുശ്ശകുന'–
മെന്ന ശാപം വരിച്ചതും

അച്ഛൻ ചൊല്ലിത്തരുംനേര
മെനിക്കുള്ള മഹാരസം
ഇനിയും കൈവരാനില്ല
വഴിയെന്നറിയുന്നു ഞാൻ!

സപ്തർഷികൾമുതല്ക്ക,ല്ലിൽ
മാനത്തെത്തുന്ന കൂട്ടരെ
അമ്മ ചൂണ്ടിക്കാട്ടിടുമ്പോ–
ളുള്ള ഹർഷവുമറ്റുപോയ്

കിരണാവലിയാലൂടും
പാവുമിട്ട ദുകൂലവും
മാരിവില്ലിൻപൊളികളാൽ–
പ്പണ്ടവും തീർത്ത ജീവിതം.

നവരത്നങ്ങളാൽ, നാനാ–
വർണ്ണപ്പൂനിരയാലുമേ
ഭൂവിൻ പരുപരുപ്പിൽത്താൻ
സ്വർല്ലോകം തീർത്ത ജീവിതം.

പോയതോർത്തിടരാർന്നന്ധ–
നായൊരെൻ നയനങ്ങളിൽ
ഊറിടുന്നൂ, രണ്ടു ചാലാ–
യൊലിച്ചീടുന്നു കണ്ണുനീർ.

അവ,യിന്നിറുകിച്ചേരു–
മധരോപരി വറ്റവേ
അറിയുന്നുണ്ടു ദുഃഖത്തിൻ
കടുംപുളി മുഴുക്കെ ഞാൻ.

# നരകം

അതാ, വിളർത്തുപോയ് ബാല–
മനസ്സിൻ ശോണഭാവന,
ആനന്ദതുഹിനം വറ്റീ
ജ്ഞാനമാം വെയ്‌ലറയ്ക്കവേ

ഉരുണ്ടതാണുലകമെ–
ന്നറിയും പ്രായമാകവേ
ദിവാകരപ്രഭകളിൽ–
ക്കൊടും ചൂടറിവായി മേ.

ഉരുണ്ടതെങ്കിലിബ്ഭൂമി
കുഴിച്ചാലെത്തിടും ദൃഢം
മറുഭാഗത്തു; വെമ്പീ ഞാ
നെല്ലാം തിട്ടപ്പെടുത്തുവാൻ

അതുകൊണ്ടും മതിവരി
ല്ലെന്നു കാണ്മൂ പതുക്കെ ഞാൻ;
എണ്ണിത്തീർക്കാവതല്ലല്ലോ
തിര,താരം, മണൽത്തരി.

പറന്നാലും പറന്നാലു–
മതിരില്ലാത്ത വാനവും,
വെട്ടിയാലും മുളയ്ക്കുന്ന
തൃണവൃക്ഷലതാദിയും

എന്നെച്ചിന്തയിലാഴ്ത്തുന്നു
പലമട്ടെഴുമീച്ചകൾ.
നാലുകാലുള്ള ജന്തുക്കൾ,
ഇഴജീവികൾ, പക്ഷികൾ.

ജലത്തിലേ ജീവകാലം
മുഴുമിക്കുന്ന സൃഷ്ടികൾ,
ജലത്തിലും കരയിലും
കഴിയുന്നവ വേറെയും.

കാണാവുന്നവയും കാണാ–
വല്ലാത്തവയുമായിനി
കൃമികീടങ്ങളുണ്ടേറെ;

ശ്വസിപ്പൂ ഞാനവറ്റിനെ,

കഴിഞ്ഞില്ലി, രുകാൽ പൊക്കി
മരംകേറുന്ന വാനരൻ
കൊമ്പിൽനിന്നു കുതിക്കുന്നു
കൊമ്പിലേയ്ക്കു തെരുക്കനെ.

പിടിച്ചവയിരുമ്പായി
കടിച്ചവ കരിമ്പുമായ്
അവൻ കാണുന്നിതശ്വത്ഥ-
ശാഖിപോലുള്ള ജീവിതം.

അവനെക്കാട്ടിലും മീതെ-
ക്കാൺമു മറ്റൊരു ജീവിയെ,
ഇരുകാലിൽബ്ഭൂമി കൈവി-
ട്ടെഴുന്നേറ്റ മനുഷ്യനെ!

ൗൗൗ

ഏവരും ദുഃഖിതൻമാരാ-
ണസ്വതന്ത്രതമൂലമായ്,
ജനിയും മൃതിയും കിട്ടി-
ല്ലൊഴിവേതു മഹാന്നുമേ.

എന്നാരംഭിച്ചതീക്കർമ്മ-
ചക്രം തിരിയലെന്നതും,
നിലയ്ക്കുമോ, നിലയ്ക്കാമെ-
ന്നാകിലെ, ന്നെന്തി,നെന്നതും,

ഒരു തുമ്പും ലഭിച്ചിട്ടി-
ല്ലാർക്കുമിന്നിമിഷംവരെ
ഊഹിക്കുന്നൂ കണ്ണുപൊട്ട-
രാനയെക്കണ്ടമാതിരി.

മരണത്തെ നിലപ്പിക്കു-
മൗഷധം കണ്ടുകിട്ടിയാൽ
ജയിൽവാസം നിത്യമായി-
മറ്റെന്തുള്ളു പുരോഗതി?

കർമ്മസാക്ഷിയെയും തന്നെ-
ച്ചുറ്റും ഗോളഗണത്തെയും
കീഴിലാക്കിക്കഴിഞ്ഞാലും
ജയിച്ചിട്ടില്ല മാനവൻ.

അനന്തതയിലൊട്ടേറെ-
ദ്ദീപ്തിവർഷത്തിനപ്പുറം
നിൽപൂ വേറെക്കർമ്മസാക്ഷി-
തദീയബ്രഹ്മഗോളവും.

പിന്നെയും പോക:പോയീടും-
തോറും കാണുന്നു മാനവൻ
കർമ്മസാക്ഷികളെ ബ്രഹ്മാ-
ണ്ഡങ്ങളെപ്പരകോടിയായ്!

മനുഷ്യനല്ലവന്നുള്ള–
ഭാവനാദൃഷ്ടിപോലുമേ
വിശാലതയിലേയ്ക്കെത്തി–
നോക്കിയില്ല, തളർന്നുപോയ്!

ൟൟൟ

ശരിയാ,ണെങ്കിലും കണ്ടു–
നിന്നേപോയ് ഞാൻ സവിസ്മയം
മനുഷ്യഹൃദയംപൂണു–
മഹംഭാവപ്പരപ്പിനെ.

ചിരിക്കുന്ന മനുഷ്യന്റെ
മറക്കാനുള്ള ശക്തിയെ,
കരയുന്ന മനുഷ്യന്റെ
സഹജീവാനുകമ്പയെ.

പുല്ലാണവനു കാന്താരം,
പർവ്വതം പാഴ്മണൽത്തരി,
സമുദ്രമിറവെള്ളം ,വി–
ണ്ടലമോ കുടവട്ടവും.

നാല്ക്കാലികളെയും വെട്ടി–
വിറകായ മരത്തെയും
തന്റെ ഭൃത്യപ്പണിക്കായി
നിയോഗിക്കുന്നു മാനുഷൻ.

ഭൂമിക്കുള്ളിലുറങ്ങും കൽ–
ക്കരിയെ, ജ്ജലദാളിയെ,
പുഴയ്ക്കകമെഴും വിദ്യു–
ച്ഛക്തിയെ, സ്സൂര്യരശ്മിയെ,

കാറ്റിനെ, പ്പരമാണുക്കൾ
ക്കകത്തെദ്ദിവ്യശക്തിയെ
കൽപ്പിച്ചപടി ചെയ്യിപ്പി–
തല്പനല്ലാത്ത മാനുഷൻ.
ൟൟൟ
എന്നാലവിടെ നില്ക്കുന്നീ–
ലവൻ നേടുന്ന ദിഗ്ജയം:
നരനെത്തന്നെ മാടാക്കി–
പ്പണിയിപ്പു നരാധമൻ,

കരിയിൻമേൽക്കൂന്നു നിന്നു–
ചലിപ്പൂ താന്തകർഷകൻ:
അവന്റെ കട്ടിനിഴലു–
ണ്ടെന്റെ മാനസഭിത്തിയിൽ.

അവന്റെ നെടുവീർപ്പല്ലോ
നെല്ലോലക, ളവയ്ക്കുമേൽ
ഉയരും കുല തൽക്കണ്ണി–
ലൂറും രക്തകണങ്ങളും.

അവ ഭക്ഷിച്ചുപോരുന്ന–
തവനല്ലെന്ന വാസ്തവം
അറിഞ്ഞദിവസം കെട്ടു–
പോയെൻ കരളിലമ്പിളി.
ഘഘഘ
അസുരൻമാ,രയ:പൂർണ–
ഭീമാവയവരൂപികൾ–
പുകതുപ്പുന്ന യന്ത്രങ്ങൾ –
കറങ്ങും തൊഴിലാലയിൽ

ചോരയീമ്പാനവയ്ക്കുള്ള
ചക്രപ്പല്ലുകൾ തോറുമേ
മാംസപേശികൾ കോർക്കുന്നു
മനുഷ്യത്തൊഴിലാളികൾ.

ശരി,യബ്ഭീമകായന്റെ
വായിൽനിന്നുതിരുന്നതോ
ഒരൊറ്റവിടവില്ലാത്ത
രോമപ്പട്ടുടയാടകൾ.

സ്രഷ്ടാവല്ലവയാൽപ്പക്ഷേ
തണുപ്പാറ്റുന്നതെന്നു ഞാൻ
അറിഞ്ഞ ദിവസം കാള–
രാവായെന്നുടെ ജീവിതം.

ഘഘഘ

പൊടിമീശ,തിളങ്ങീടും
സ്വർണ്ണം കെട്ടിയ കണ്ണട,
ബനിയൻ പുറമെക്കാണു–
മ്മാറെഴും സിൽക്കുജുബ്ബയും.

പുകച്ചുരുളുയർത്തുന്ന
ഗോൾഡ്ഫ്ളേക്കധരങ്ങളിൽ,
ചുരുളൻമുടിയിൽത്തീക്ഷ്ണ–
ഗന്ധിയാം ഹെയറോയലും,

കൈകളിൽസ്സിഗററ്റ്കേസും
തീ കത്തിക്കുന്ന യന്ത്രവും,
കീശയിൽച്ചീർപ്പൊ,രു മണി–
ക്കണ്ടത്തിൽ ‘ഫേവർലൂബ’യും,

പത്തുകൈവിരലിൻമേലും
രത്നം വയ്പിച്ച മോതിരം,
പാദങ്ങളിൽക്കളസവും
ഷൂസും പുതിയ മോടിയിൽ.

കരളിൽപ്പാട്ടു പാടുന്നൂ
ഗീതാറോയി, സുരയ്യയും,
‘ടിയ്യാറി’ന്റെ ഗംഭീരാംഗ–
സ്ഥൂലവിക്ഷേപരീതിയും;

നൃത്തമാടുന്നു ലളിതാ–
പദ്മിനീരാഗിണീഗണം,
നർഗ്ഗീസിൻകുടിലാരാള
പ്രത്യംഗാന്തസ്ഥരേഖയും.

യുവാക്കളീവിധം ചിത്ത–
സന്നിപാതവിമൂർച്ഛയിൽ
അനുകമ്പാർഹരായന്ധ–
കാരങ്ങളിലുലാത്തവേ

അറിവീല,ഴിവൂ താനേ
മടിശ്ശീലക്കുടുക്കുകൾ:
നാലണത്തുട്ടെട്ടണത്തു–
ട്ടുതിർന്നീടുന്നു പാതയിൽ.

ശുഭ്രമാം നാട്ടുപൂവിന്റെ
ശാലീനപരിവേഷവും
അഴിയുന്നൂ, പാപഭാരം
തളർത്തുന്നൂ, ജഗത്തിനെ.

നിർദ്ദയം ദിവസംവീണ്ടും
വിരിയെത്തെരുവീഥിയിൽ
'റോൾസ്രോയിസ്സും' 'ഷവർല്ലേയും'
'ഹിൽമേനും,''സ്റ്റുഡിബേക്കറും'

'മോറിസും''ബ്യൂക്കു' മൂക്കോടെ
ഗർജിച്ചുംകൊണ്ടു പായവേ
ഉയരുന്നൂ നേർത്തനേർത്ത
മനുഷ്യശിശുരോദനം.

നിരത്തിൽ കാക്ക കൊത്തുന്നൂ
ചത്ത പെണ്ണിന്റെ കണ്ണുകൾ;
മുല ചപ്പിവലിക്കുന്നൂ
നരവർഗ്ഗനവാതിഥി.

ഉഗ്രമിസ്സത്യമറിവായ്–
ത്തീർന്ന ശപ്തക്ഷണം മുതൽ
എന്റെ നാഡിയിലാളുന്നൂ
നരകാനലജിഹ്വകൾ.

ൗൗൗ

കുങ്കുമം വാരി വീശുന്നൂ
സായന്തനവിഭാകരൻ
അതും പൂശി നടക്കുന്നൂ
ലക്ഷപ്രഭുകുമാരികൾ.

മുക്കുവൻ ചാട്ടുളികളാൽ
മീൻ പിടിക്കുമിടങ്ങളിൽ,
ബീച്ചിലെത്തിയുലാത്തുന്നു
ചടുലായതനേത്രകൾ.

ലോക്കറ്റാടുന്ന നെക്ലേസു–

മിയർറിങ്ങ്, മോതിരങ്ങളും,
വളയും, മാലയും, ബ്രൂച്ചു,
മാൾപ്രൂഫാം റിസ്റ്റുവാച്ചുകൾ.

നവരതന്ങ്ങളാൽച്ചാമീ–
കരത്താൽ പണിയിച്ചവ,
കഴുത്തിൽക്കൈകളിൽക്കാതി–
ലുടുപ്പിലണിയേണ്ടവ–

അണിഞ്ഞുകൊണ്ടും യാതൊന്നു
മണിയില്ലെന്ന മൂച്ചിലും
ബീച്ചിലൂടെയുലാത്തുന്നു
നഗരത്തിൻ കിനാവുകൾ.

വെള്ളവസ്ത്രം ധരിക്കുന്ന
മലയാളനതാംഗികൾ;
മുട്ടും കഴുത്തും മൂടാത്ത
ചട്ടക്കാരുടെ മിസ്സുകൾ;

കടുവർണ്ണപ്പുളപ്പോലും
വെൽവെറ്റും മേറ്റി വോയിലും
ജോർജറ്റും ടിഷ്യൂവും പൂണ്ട
മഹിളാമുടിമുത്തുകൾ;

വലപോലുള്ള ബോഡിസ്സും
കണ്ണാടിപ്പട്ടുസാരിയും
വരിഞ്ഞു, മസ്തകം പൊക്കി
വിലസീടുന്ന ലേഡികൾ.

പൂമരക്കാടുമുഴുവൻ
തലയിൽക്കെട്ടിവെച്ചവർ
വകഞ്ഞ മുടി രണ്ടാക്കി
മിടഞ്ഞിട്ടാട്ടിടുന്നവർ,

ബോബുചെയ്ത ശിരസ്സാകെ
വലകെട്ടി നടപ്പവർ,
അലസം മുടി കാറ്റത്തു
ചിക്കിയിട്ടു വരുന്നവർ.

രാജും, ദിലീപ,ശോകും, ദേ–
വാനന്ദുദയശങ്കറും,
ഗോപീനാഥൻ, സയിഗളും,
മല്ലിക്കും, ഘണ്ടശാലയും,

ഉപബോധപ്പടുതയിൽ
നിഴൽച്ചിത്രം വരയ്ക്കവേ,
മലയാളവുമിംഗ്ലീഷും
കൊഞ്ചുന്നുണ്ടിവർ ഹിന്ദിയും.

ചിലരെന്തോ ചുണ്ടനങ്ങാ–
താലപിച്ചു നടക്കവേ
അമർത്തുന്നുണ്ടുരസ്സിൽക്കർ–

ച്ചീഫും ടോയ്‌ലറ്റുസഞ്ചിയും.

മണിപ്പൊട്ടിച്ചിരി, കിനി–
ഞ്ഞൂറും മന്ദാക്ഷസുസ്മിതം,
കുലുങ്ങിത്തിരിയും കണ്ഠ–
നാളം, പതറുമക്ഷികൾ,

പാതി കൂമ്പിക്കിനാവുണ്ണു–
മായതശ്യാമലോചനം,
സമുന്നതാനനത്തിൽക്കൺ–
വെട്ടിനില്ക്കുന്ന പീലികൾ,

ദുകൂലചികുരാഗ്രങ്ങ–
ളൊതുക്കിത്തോൽക്കുമംഗുലി,
വർണ്ണച്ചെരിപ്പിരടലും,
കുഴയും തനുവല്ലിയും.

ഈയത്യാഡംബരം ശാന്ത–
ഹൃദയപ്രതിബിംബമോ?
പലപ്പോഴുമിതും ചിത്ത–
സന്നിപാതാർത്തിയല്ലയോ?

അരിവെപ്പോന്റെ തീയിൽച്ചെ–
ന്നീയാമ്പാറ്റ പതിക്കയാൽ
പിറ്റേന്നിടവഴിക്കുണ്ടിൽ–
ക്കാൺമു ശിശുശവങ്ങളെ.

കരഞ്ഞു ചൊന്നേൻ ഞാനന്നു
ഭാവിപൗരനൊടിങ്ങനെ:
''വെളിച്ചം ദുഃഖമാണുണ്ണീ,
തമസ്സല്ലോ സുഖപ്രദം!''

ഇതെല്ലാം കണ്ണിലാപ്പെട്ട
നരകത്തിന്റെ നാൾകളേ,
കഠിനം ത്വൽബലം; നിങ്ങൾ
പിശാചാക്കീ മനുഷ്യനെ!

# പാതാളം

അതാ,കട്ടപിടിക്കുന്നു
ദേവമാർഗത്തിലൂടവേ
പാഞ്ഞുപോകും കാളമേഘ–
ക്കീറെല്ലാം പാറമാതിരി.

തുറന്നു പറയാമെന്നെ–
പ്പാലൂട്ടിയ ചിരക്ഷമേ,
ഞാനെന്നുടപ്പിറന്നോരോ–
ടനുഷ്ഠിച്ച വിധങ്ങളെ.

അവരേയും പെറ്റുപോറ്റി–

വളർത്തുന്നവളല്ലി നീ?
ഗർഭത്തിൽച്ചേർത്തുറക്കേണ്ടോ–
ളല്ലി ഞങ്ങളെ നാളെയും?

ഏറ്റുചൊൽവേനെന്റെയത്യാ–
ചാരമെണ്ണിപ്പെറുക്കി ഞാൻ,
കടുന്നൽക്കുത്തേറ്റു നീറി –
നീർകെട്ടിയ മനസ്സോടെ.
ൟൟൟ
ഒരു പേനാക്കത്തിയാലൊ–
രിളന്നീർക്കണ്ണുമാതിരി
പകയാലെൻ മനുഷ്യത്വ–
ക്കനി ചെത്തിത്തുരന്നു ഞാൻ.

ശീതളം മധുരം ജീവ–
പ്രേമമാം പൂർവവാസന
വാറ്റിക്കളഞ്ഞേനാവോള–
മൊടുക്കത്തെക്കണംവരെ.

ചുരണ്ടിച്ചോർത്തെടുത്തു പി–
മ്പെന്നിലുള്ള കഴമ്പുകൾ
സ്വപ്നം കാൺമാൻ, കരയുവാൻ,
ചിരിപ്പാൻ, പ്രണയിക്കുവാൻ.

കല നിർമ്മിക്കുവാൻ, വ്യക്തി–
സ്വാതന്ത്ര്യത്തെ മതിക്കുവാൻ,
സമൂഹത്തോടുള്ള മൂല–
നീതികൾക്കു വഴങ്ങുവാൻ.

പിച്ച നൽകാൻ, അച്ഛനമ്മ–
മാരെപ്പരിചരിക്കുവാൻ,
മനസ്സുഖം തരും ദൈവ
ശക്തിയെപ്പറ്റിയോർക്കുവാൻ.

സഹധർമ്മിണിതന്നന്തർ–
ദ്ദുഃഖം പങ്കിട്ടെടുക്കുവാൻ,
സ്വന്തരക്തപ്പൊടികളെ
ച്ചിരിപ്പിച്ചു രസിക്കുവാൻ.

നിരുപാധികമാം ജീവ–
പ്രേമമല്ലാതെയൊന്നുമേ
മുന്നോട്ടൊഴുകിടുന്നില്ലെ–
ന്നോരാനും പോന്ന ശക്തികൾ.
ൟൟൟ
തീസിസ്സിനോടേൽപ്പിതാൻറി–
ത്തീസിസ്സെന്നൊരു സാധനം,
അതിൽ നിന്നു ജനിപ്പു സി–
ന്തെസിസ്സാം നാകമുർവ്വിയിൽ.

അസത്യം, ചതി, തീവെപ്പും
കൊള്ള, വഞ്ചന, ചോരണം,

ചാരവൃത്തി, വധംപോലും
പാവനം ജനസേവനം!

ഭൂമിക്കുടമയാം ജന്മി,
മില്ലിന്റെ മുതലാളിയും,
ഇടത്തരം സ്വത്തുകാരു,–
മുദ്യോഗസ്ഥൻ, ഗുമസ്തനും,
പണിയായുധമോ വീടോ
പറമ്പോ കൃഷിഭൂമിയോ
സ്വകാര്യസ്വത്തിനെപ്പറ്റി
സ്വപ്നമോ ചേർന്ന കർഷകൻ,

ചാഞ്ചാടുന്ന കലാശാസ്ത്ര–
കാരബുദ്ധ്യുപജീവികൾ,
നമ്മളോടു മെരുങ്ങാത്ത
തൊഴിലാളികൾ, യാചകർ

ഇതിലൊന്നിലുമില്ലാത്ത
നമ്മളല്ലാത്ത കൂട്ടരും
മനുഷ്യരല്ല, മൃഗവും
മരംകൂടിയുമല്ലിനി.

'ബുർഷ്വ'യെന്നു വിളിക്കുന്നു
ചിലരെത്തത്ത്വ വേദികൾ,
ശേഷിക്കുന്നവരെ'പ്പെറ്റീ
ബൂർഷ്വ'യെന്നൊരു പേരിലും.

അധികം വൃത്തികെട്ടോരും
പേടിച്ചീടേണ്ട കൂട്ടരും
വിശ്വസിക്കരുതാത്തോരും
രണ്ടാംപേരുള്ള ജീവികൾ.

നശിച്ചീടേണ്ട വർഗ്ഗത്തിൽ
ജ്ജനിച്ചോരിരുകൂട്ടരും;
നമ്മളോ മർദ്ദിതർക്കെന്നും
മുന്നണിപ്പടയാളികൾ.

അവർക്കുണ്ടായിരുന്നിട്ടി
ല്ലുണ്ടാവില്ലിനിമേലിലും,
ഇന്നുമില്ലാ ഹൃദയമോ
ബുദ്ധിയോ; ശിലയാണവർ.

അബദ്ധം ദുഃഖിതൻമാരോ
ടലിയാനുള്ള ശക്തിയും
ത്യാഗവാഞ്ഛയുമക്കൂട്ടർ
ക്കുണ്ടാവാമെന്ന ധാരണ.

അബദ്ധം, അവർതൻചോര
ചുവപ്പാണെന്ന സംശയം
അബദ്ധം അസ്സിരകളിൽ–
ച്ചോരയുണ്ടെന്ന വാദവും

അവർ തൻ മെയ്യിലെമ്പാടും
ചാമ്പുന്നു ശീതളം ജലം,
അതു കൊത്തിത്തെറിപ്പിക്കാം;
നോവില്ല, ശിലയല്ലയോ?

അവരോട,വർതൻ ചാർച്ച–
ക്കാർതൻ കുഞ്ഞുങ്ങളോടുമേ
കനിഞ്ഞാലതിലും മേലെ–
യില്ലല്ലോ വർഗവഞ്ചന!

കയ്യൂക്കുള്ളവനേ കാര്യ–
ക്കാരനെന്നു ധരിക്കുക;
അർഹിപ്പതതിജീവിക്കു–
മെന്നല്ലോ തത്വസംഹിത!

ൗൗൗ

അങ്ങാടികളി,ലാപ്പീസ്സിൽ,
ച്ചായക്കടയിൽ, ഹോട്ടലിൽ,
തീവണ്ടിസ്റ്റേഷനിൽ, ബോട്ടു–
ജെട്ടിയിൽ, ബസ്സുഷെഡ്ഡിലും,

ഓടുന്ന വാഹനത്തിന്റെ
വീർപ്പുമുട്ടും ക്ഷണങ്ങളിൽ,
പാഠശാലകളിൽ, ഗ്രന്ഥ–
ശാലയിൽ, പ്പുഴവക്കിലും,

കുളക്കടവിലും, കൊയ്ത്തു–
പാടത്തും മില്ലിനുള്ളിലും,
പൂരപ്പറമ്പിലും, വേല–
ക്കളത്തിൽ, ചന്തയിങ്കലും,

കല്യാണപ്പന്തലിന്നുള്ളിൽ,
ശവസംസ്കാരവേളയിൽ,
ബീഡികത്തിക്കുവാനുള്ള
നിരത്തിൻ നിമിഷങ്ങളിൽ.

'സമത്വസുന്ദരം ലോകം
പടുക്കാ'നുള്ള ചെയ്തികൾ
പഠിപ്പിച്ചേൻ സദാദർശ–
ഭ്രമമുള്ള യുവാക്കളെ,

ഇപ്പൊളേ മുട്ടകൾ വിരി–
ഞ്ഞിളംകാറ്റേറ്റു നിൽക്കവേ,
തൂവലാട്ടാൻ മിഴി തുറ–
ക്കാനുമുന്നും പിറാക്കളെ,

അവർതൻ ജഠരാഗ്നിക്കു
ദഹിക്കാവുന്ന മാത്രയിൽ
ആദ്യം വിശ്വപ്രേമമാം നൽ–
പ്പാലുതന്നെ കൊടുത്തു ഞാൻ.

വഴിയെപ്പാലിൽ ഞാൻ ചേർത്തി–

തൽപം വിദ്വേഷമാം വിഷം;
ഒടുവിൽപ്പാലു വേണ്ടെന്നും
വെച്ചു ഗൂഢസ്മിതത്തൊടെ.

'വിദ്വേഷമേ ദിവ്യമായ
മാർഗ്ഗ'മെന്നുള്ള വസ്തുത
അവരെന്നോടു വാദിച്ചാ–
രവസാനദിനങ്ങളിൽ.

പറിഞ്ഞിരുന്നിതന്നേയ്ക്ക–
ക്കുരുന്നുഹൃദയങ്ങളിൽ
കൊമ്പുപൊട്ടും യുക്തിബോധ–
രസാലാങ്കുരമൊക്കവേ.

നട്ടുംകഴിഞ്ഞിരുന്നേനാ
മൺമറിഞ്ഞ നിലങ്ങളിൽ
ആധിപത്യഭ്രമം കായ്ക്കു–
മന്ധവിശ്വാസമുൾച്ചെടി

അവരും ഞാനുമൊന്നായി,
വേറെയല്ലാത്ത വസ്തുവായ്,
എങ്കിലും നായകൻ ഞാനാ:
ണവർ കുട്ടികളല്ലയോ?
ൗൗൗ
വെയിലും മഴയും കാര്യ–
മാക്കീലദ്ധീരമാനികൾ,
ഹുണ്ടികപ്പെട്ടിയും പേറി
നടന്നൂ നാടുതോറുമേ.

പിരിവാണെ,ന്തിനാണെന്നോ?
മുക്തിയുദ്ധമൊരുക്കുവാൻ;
ചരിത്രം നമ്മെയേൽപ്പിച്ച–
തേറ്റെടുത്തു നടത്തുവാൻ.

ചളിയും പൊടിയും കോതാ–
നൊഴിവില്ലാക്കുടുമ്മയും
വിയർപ്പും ബീഡിയുംകൂടി
വമിച്ചീടുന്ന നാറ്റവും.

കുളിയില്ലാത്തൊരാത്മാവി–
ന്നിണങ്ങുന്ന ശരീരവും,
നാട്ടുകാരെ പ്രകോപിപ്പി–
ക്കാവുന്ന ലഘുലേഖയും,

അരഞ്ഞുതേയും പല്ലിന്റെ
തൊണ്ണിലെല്ലാം കൊഴുന്നനെ
തെരിസ്സഞ്ചികളും കണ്ണിൽ–
ത്തുറിഞ്ഞീടും ചുവപ്പുമായ്

വേലക്കാരും കൃഷിക്കാരും
തരുന്ന കടുകാപ്പിയും

വറ്റില്ലാക്കഞ്ഞിയും കൊണ്ടു
ദിനരാത്രങ്ങൾ നീക്കവേ,

ചട്ടിയിങ്കൽപ്പൊരിഞ്ഞീടു–
മവർതൻജീവിതങ്ങളെ
അടുപ്പിലേയ്ക്കെറിഞ്ഞാരെൻ
ശിഷ്യരാം പരമാർത്ഥികൾ.
ൗൗൗ
കൊടിയും പന്തവും പൊക്കി
നീങ്ങിടും ഘോഷയാത്രകൾ,
മുദ്രാവാക്യങ്ങളുച്ചത്തിൽ,
പ്രസംഗപ്പെരുമാരികൾ.

കാക്കിക്കാലുറയിൽക്കൈത്തോ–
ക്കിരിമ്പൻനരിമീശകൾ,
പ്രതികാരജ്വാല കത്തും
രോമകൂപസഹസ്രവും

തരംകിട്ടുമ്പൊഴൊക്കേയും
യൂറോപ്യൻമദ്യശാലയിൽ
കയറിച്ചെന്നു മൂക്കറ്റം
കുടിച്ചാടി നടക്കലും

അരിപ്പല്ലുകളിൽപ്പൊത്തി–
നിന്നീടും വെറ്റിലക്കറ,
വേണമെങ്കിൽച്ചൂരത്താവും
കൃത്രിമച്ചിരി ചുണ്ടിലും.

ഈ വിധം ഞാൻ നടക്കുന്നു
പയ്യന്നൂരെറണാകുളം,
കോഴിക്കോട്ടും തലശ്ശേരി,
തൃശ്ശൂരും, ഷൊറണൂരിലും

വാരിക്കുന്തം, കുറുവടി
നിറഞ്ഞൂ നാട്ടുപൊന്തയിൽ,
നഗരത്തിൻ നിശിഥത്തിൽ–
ത്തോക്കും തിരയൊരുക്കലും

പൊളിഞ്ഞീടുന്നു പത്തായം;
കത്തിപ്പോവുന്നു വീടുകൾ:
കല്ലേറേറ്റൊരു പോലീസു–
കാരൻ വീണു മരിക്കയായ്!

വിളകയ്യേറലും പോലീസ്–
ക്കച്ചേരികളടക്കലും
നടക്കുന്നുണ്ടെന്നു നാട്ടാർ
വായിപ്പു പത്രപംക്തിയിൽ.

എന്നെപ്പിടിക്കുവാൻ വന്നൂ
വാറണ്ടൊ,ളിവിലായി ഞാൻ;
ചെകുത്താൻ റോന്തു ചുറ്റുന്നൂ,

കിടിലംകൊൾവു ജീവിതം.

തിളങ്ങീ ബയണറ്റുഗ്രം,
വരവായിടിവണ്ടികൾ,
പോലീസ്സും നരനായാട്ടും
മുറുകീ നാടുതോറുമേ.

എന്റെ ശബ്ദം മുഴങ്ങുന്നു
സഹ്യപർവ്വതസാനുവിൽ:
എന്റെ ശബ്ദം മുഴങ്ങുന്നി–
തറബിക്കടൽവക്കിലും;

'ഊതിയാൽ വീഴുമിന്നത്തെ
ന്യായപീഠങ്ങളൊക്കെയും;
കാലം വന്നു വിളിക്കുന്നു;
കൺതുറന്നെഴുനേൽക്കുവിൻ;

ശത്രുക്കളെക്കൊന്നു ചോര
ക്കുടൽമാല ധരിക്കുവിൻ!
വാരിക്കുന്തങ്ങളെക്കൊണ്ടീ
രാജ്യം വെട്ടിപ്പിടിക്കുവിൻ!'

�ൗൗൗ

പകതൻ കാളമേഘങ്ങ–
ളിടിവെട്ടിപ്പരക്കവേ,
ഭീതിതൻ ചക്രവാതങ്ങൾ
ചീറിച്ചീറിയടിക്കവേ,

മനുഷ്യച്ചുടുചെഞ്ചോര–
ത്തുലാവർഷമൊലിക്കവേ,
പ്രളയാഗമനംപോലെ–
ബ്ഭൂമി ഞെട്ടിക്കുലുങ്ങവേ,

പാരമാർത്ഥികരാം വൃദ്ധ,–
രമ്മമാരും ശിശുക്കളും
ബയണറ്റിന്റെ തുമ്പത്തു
തൂങ്ങിനിന്നു പിടയ്ക്കവേ,

കെട്ടുചങ്ങല ഭാഗ്യത്താ–
ലഴിഞ്ഞ നിമിഷങ്ങളിൽ
കാഴ്ചബംഗ്ലാവിൽ നിന്നെത്തും
മത്തദന്തികളെന്നപോൽ

ഏതു ചേരിയുടേതെന്ന
ഭേദഭാവനയെന്നിയേ
ചെന്താമരപ്പൊയ്കതോറും
പോലീസ്സു നുരകുത്തവേ,

പലമാസം പച്ചിലയേ
തിന്നുകാട്ടിൽപ്പുലർന്നു ഞാൻ,
നയിച്ചൂ സംഗരം കാതിൽ–
ക്കരച്ചിലലവെട്ടവേ.

ൟൟൟ
കഴിഞ്ഞൂദീനസമരം,
ചുടുകാടായി കേരളം
മൂകമായീ, ശൂന്യമായീ
മൻമനം തിമിരാവൃതം.

എന്റെ കാതിലലയ്ക്കുന്നു
നിത്യമാനുഷരോദനം;
എന്റെ കാലിൽത്തറയ്ക്കുന്നു
മനുഷ്യത്തലയോടുകൾ.

കാവുമ്പായ്,ക്കരിവെള്ളൂരിൽ
മുനയൻകുന്നിലും വൃഥാ
അലയുന്നുണ്ടൊരാളാത്മ–
ചൈതന്യപരിപീഡിതൻ.

അവൻ കൈകളുയർത്തുന്നു,
വലിപ്പൂനിജമൂർദ്ധജം:
അപാരാകാശത്തിൽ നോക്കി–
ക്കിതച്ചീടുന്നുമുണ്ടവൻ.

അവിടെ പ്രഭ വീശുന്നു
കോടി കണ്ണീർക്കണങ്ങളോ?
ബ്രഹ്മഗോളശവപ്പെട്ടി–
പ്പറ്റാണിക്കൂട്ടമല്ലയോ?
ൟൟൟ
വീണുപോയാനവൻ,മെല്ലെ
മൂടുന്നു താരദർശനം:
പരുങ്ങീടുന്നുവോ ചുറ്റു–
മുഗ്രപ്രേതപരമ്പര

തലയും,കൈകളും കാലും
മുലയും ചെവി നാസയും
മിഴിയും വിരലും പല്ലും
നെഞ്ചും പൊയ്പോയ ജീവികൾ?

അംഗസ്ഥാനങ്ങളിൽക്കാൺമു
കട്ടകുത്തിയ ചോരയോ,
ചലമോ പാമ്പിനെപ്പോലെ–
പ്പുളയുന്ന പുഴുക്കളോ?

അവ ചുറ്റിക്കറങ്ങുന്നു
തന്റെ മേനിയിലൂടെയോ?
എവിടുന്നീയരിച്ചേറും
ശീതവും രൂക്ഷഗന്ധവും?

നിഴലാടുന്നു, മിന്നുന്നു–
ണ്ടോരോ രശ്മിയിടയ്ക്കിടേ;
പ്രേതഗണ്ഡങ്ങളിൽക്കൂടി–
ക്കുതിപ്പു ബാഷ്പവാഹിനി.

അവർതൻ ദീർഘനിശ്വാസ–
ത്തിരമാല പരക്കവേ
പിടയുന്നൂ തൻമുഖത്തെ
നരിമീശത്തലപ്പുകൾ.

അധരങ്ങൾ വിറക്കൊൾവൂ;
മിണ്ടുന്നില്ലവരാരുമേ;
പന ചീന്തുന്നപോൽത്തേങ്ങി–
ക്കരയുന്നുണ്ടിടയ്ക്കിടെ.

മോഹമു,ണ്ടന്തരാത്മാവി–
ന്നിരുട്ടിൽത്തല തല്ലവേ
കേഴുവാനവനും, പൊങ്ങീ–
ലൊച്ച സൂര്യോദയം വരെ.

## ഭൂമി

അന്നെണീറ്റ വഴിക്കായാ–
ളറിയിച്ചാൻ ജഗത്തിനെ:
''ജനിച്ചീലെന്നെ വെല്ലുന്ന
മാപാപികളൊരിക്കലും!

ഭയവും പകയും ചീറി
നടക്കും കാനനങ്ങളിൽ,
അന്ധകാരം കട്ടകുത്തി–
ക്കിടക്കും ഗഹ്വരങ്ങളിൽ,

തിരതിങ്ങുന്ന തോക്കാത്മ–
ഹ്രദത്തിൽപ്പൂണ്ടശാന്തനായ്
സമതാസുന്ദരോദ്യാനം
തിരഞ്ഞുംകൊണ്ടലഞ്ഞു ഞാൻ.

പുസ്തകജ്ഞാനവും വെച്ചു
ചോരയുള്ള മനുഷ്യരെ
വാഴയെപ്പോലറുപ്പിച്ചൂ
ഞാനാം പാതാളഭൈരവൻ.

കോഴിമുട്ടകണക്കെന്റെ
കൈവെള്ളയിലടക്കിടാം
ഈ മഹാബ്രഹ്മഗോളത്തെ–
യെന്നു തെറ്റിദ്ധരിച്ചു ഞാൻ.

അതിന്നായിട്ടെൻമനസ്സിൻ
ജാലകങ്ങളെയൊക്കെയും
അടച്ചുള്ളിലൊളിച്ചാഭി–
ചാരവൃത്തി തുടർന്നു ഞാൻ.

പുറത്തെന്തുനടക്കുന്നു?
ഗൗനിച്ചീല, റിവില്ല മേ,
ഏട്ടിലെപ്പശു തിന്നട്ടേ

തൃണമെന്നു ശഠിച്ചു ഞാൻ,

സമൂഹജീവിതത്തിന്റെ
വൈകൃതം കണ്ടു ഞെട്ടവേ
അതിൻ ചട്ടുകമാം സാധു-
മർത്ത്യരോടു കയർത്തു ഞാൻ.

വിഷവൃക്ഷത്തിന്റെ ബീജം
പാവിയാലും മുളച്ചിടും
സുധാഫലം തരും കൽപ-
വൃക്ഷമെന്നു നിനച്ചു ഞാൻ.

എന്റെ വാക്കിനെ നേരെന്നു-
നണ്ണി സ്നേഹഭരത്തൊടേ
പടവെട്ടിട്ടീനദീനം
മരിച്ച യുവധീരരേ,

എന്റെ കണ്ണുതുറപ്പിച്ച
ദിവ്യസ്നേഹഗുരുക്കളേ,
നിത്യജീവിതരായ്ത്തീർന്നു
നിങ്ങൾ ഞാൻ മൃതനിത്യനും.
ൗൗൗ
വാല്മീകിയും വ്യാസനും സി-
ദ്ധാർത്ഥനും രന്തിദേവനും
അശോകനും ശങ്കരനും
ജീസസ്ക്രൈസ്ററും മുഹമ്മദും

കൺഫ്യൂഷ്യസ്സും ഗാന്ധിജിയും
കൊളുത്തിയ വെളിച്ചമേ.
ആ വെളിച്ചത്തിലാറാടു-
മരോഗദൃഢചിത്തരേ.

അറിവില്ലാതെഞാൻ ചെയ്തോ-
രപരാധം പൊറുക്കുവിൻ
ഭൂമിയിൻമേൽപ്പാർക്കുമിരു-
ന്നൂറുകോടി മനുഷ്യരേ!
കുനിയൻ കുത്തുകില്ലിന്നി,
പണിയാം നോക്കു മർത്ത്യരേ,
ആന മുട്ടു മടക്കേണ്ടു
മുത്തുംഗസ്നേഹഗോപുരം.

എനിക്കു മാനഹാനിക്കാ-
യില്ല കാരണമൊന്നുമേ-
ക്ഷമയാചിക്കുന്നതെന്നെ-
പ്പെറ്റ ഭൂമിയൊടല്ലി ഞാൻ?

സർവ്വജ്ഞൻമാരില്ല മന്നിൽ,
സർവ്വസ്വാർത്ഥികളും തഥാ;
സർവസന്തുഷ്ടരായിട്ടു-
മില്ലാരും, സർവ്വശക്തരും.

പ്രതികാരമഹാമാരി
വഹിക്കും ക്ഷീണരോഗികൾ
സുഖമെന്ന മഹാശക്തി
വിരചിക്കില്ല, ലോകമേ!

ആശിപ്പേനിബ്ഭൂമി നന്നാ-
ക്കീടുവാനെങ്കിലാദ്യമായ്
എന്നിലുള്ള കളങ്കത്തെ-
ക്കഴുകിക്കളയാവു ഞാൻ.

നിരുപാധികമാം സ്നേഹം
ബലമായി വരും ക്രമാൽ
ഇതാണഴകി,തേ സത്യം,
ഇതു ശീലിയ്ക്കൽ ധർമ്മവും

തോക്കിനും വാളിനും വേണ്ടി-
ച്ചെലവിട്ടോരിരിമ്പുകൾ
ഉരുക്കി വാർത്തെടുക്കാവൂ
ബലമുള്ള കലപ്പകൾ.

ബോമ്പിനായ്ദ്ദുർവ്യയം ചെയ്യു-
മാണവോൽബണശക്തിയാൽ
അന്ധഗ്രാമക്കവലയിൽ
സ്നേഹദീപം കൊളുത്തുക!

അജയ്യസ്നേഹമാമണ്ഡം
വിരിഞ്ഞുണ്ടാം പ്രകാശമേ,
സമാധാനപ്പിറാവേ, നിൻ-
ചിറകൊച്ച ജയിക്കുക!

ൟൟൟ

**ജീവിതപ്രേമമേ, നിന്റെ**
**കുരിശെൻ നെഞ്ചിലാഴവേ,**
**പശ്ചാത്താപവചസ്സാമീ**
**നിണം വാർന്നൊഴുകീടവേ,**

**പറ്റെ ക്ഷീണിപ്പിതാത്മാവിൻ-**
**നീലരക്തഞരമ്പുകൾ;**
**സുഖമുണ്ടി,ന്നു മുച്ചൂടൊ-**
**ന്നുറങ്ങിയുണരാവു ഞാൻ!''**